# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കണ്ണൂർ

670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ /കെഎൻആർ/സി1/1210/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 10/10/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ /കെഎൻആർ/സി1/1210/25 തീയ്യതി: 10/10/2025

## കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-10-2024 മുതൽ 06-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.വി.ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 07-07-2025 | 17-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-07-2025 | 17-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.ശ്രീ.സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്,

2.ശ്രീ മനോജ് കുമാർ ടി ജോർജ്ജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

3.ശ്രീ കനകരാജൻ ഇ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

4.ശ്രീ രവികൃഷ്ണൻ കെ,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എ.വി ലേജു | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി ശൈലജ കെ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കവിത എം | അസിസ്റ്റന്റ് എൻജീനയർ | 01-04-2024 | 07-10-2024 |
| ശ്രീമതി വഹീദ കെ | അസിസ്റ്റന്റ് എൻജിനീയർ | 08-10-2024 | 17-10-2024 |
| ശ്രീ കൃഷ്ണദാസ് പി | അസിസ്റ്റന്റ് എൻജീനയർ | 18-10-2024 | 31-03-2025 |
| ശ്രീമതി അനുഷ എ.എൻ | കൃഷി ഓഫീസർ | 01-04-2024 | 28-07-2024 |
| ശ്രീമതി നമിത രഘുനാഥ് | കൃഷി ഓഫീസർ | 29-07-2024 | 31-03-2025 |
| ശ്രീ രാജൻ അപ്യാൽ | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീ മുസ്തഫ എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പെരളം സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ മുസ്തഫ എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കരിവെള്ളൂർ സർക്കിൾ ഇൻ ചാർജ് | 01-04-2024 | 01-12-2024 |
| ശ്രീമതി ബബിത എ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കരിവെള്ളൂർ സർക്കിൾ | 02-12-2024 | 31-03-2025 |
| ഡോ.പ്രവീൺ പി ജോസ് | മെഡിക്കൽ ഓഫീസർ,സി എച്ച് സി | 01-04-2024 | 31-07-2024 |
| ഡോ.നിതിൻ സി.എം | മെഡിക്കൽ ഓഫീസർ,സി എച്ച് സി | 01-08-2024 | 28-01-2025 |
| ഡോ.സാമുവൽ റോബർട്ട് ജാഫേത്ത് | മെഡിക്കൽ ഓഫീസർ,സി എച്ച് സി | 29-01-2025 | 31-03-2025 |
| ഡോ.സബിത എം.പി | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ.ജോമി തോമസ് | വെറ്ററിനറി സർജ്ജൻ | 01-04-2024 | 11-04-2024 |
| ഡോ.ഹരികുമാർ എസ് | വെറ്ററിനറി സർജ്ജൻ | 12-04-2024 | 31-07-2024 |
| ഡോ.ഗായത്രി പ്രതാപ് | വെറ്ററിനറി സർജ്ജൻ | 01-08-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ സന്ദീപ് മോഹൻ കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി പ്രീതി പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 13-08-2024 |
| ശ്രീ ജോസ് ജയകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 14-08-2024 | 31-03-2025 |
| ശ്രീമതി മിനി നാരായണൻ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ജയശ്രീ പി.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 16-05-2024 |
| ശ്രീമതി സുജാത പി.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 17-05-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിലെ യഥാർത്ഥ മിച്ച തുക ബാലൻസ് ഷീറ്റിലെ ബി 1 – ഷെഡ്യൂളിലേക്ക് ക്യാരിഓവർ ചെയ്തിട്ടില്ല. | 1-1-1 |
| 3 | കേന്ദ്രധനകാര്യകമ്മീഷൻഗ്രാന്റ്-ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. | 1-1-3 |
| 5 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ഗുണഭോക്തൃവിഹിതം ക്രമീകരിക്കാതെ ബാധ്യതയായി സൂക്ഷിച്ചിരിക്കുന്നു. | 1-1-6 |
| 8 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടാതെ നിലനിർത്തുന്നു. | 1-1-7 |
| 9 | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ അതാത് ഹെഡുകളിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-8 |
| 10 | ഹഡ്കോ വായ്പയുടെ മുന്നിരിപ്പ്, തൻവർഷം ലഭ്യമായ തുക, നീക്കിയിരിപ്പ് ആയവ പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | സർക്കാർ തിരിച്ചെടുത്ത തുക ലഭ്യമായിട്ടില്ല. | 1-1-10 |
| 12 | ബാലൻസ് ഷീറ്റിൽ ഡെപ്പോസിറ്റ് തുക ഉൾപ്പെടുത്തിയതിലെ അപാകം | 1-1-11 |
| 13 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-13 |
| 15 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-14 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-15 |
| 17 | വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-1-16 |
| 18 | റീകൺസിലിയേഷൻ -വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 21 | ഫണ്ട് വിനിയോഗം | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | ക്ഷേമപദ്ധതികൾ | 1-7 |
| 25 | ക്യാഷ് പരിശോധന | 1-8 |

| | | |
|---|---|---|
| 26 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | ഗ്രാമസഭ | 1-11 |
| 29 | വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു. | 1-12 |
| 30 | പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളായി (സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന) കണക്കാക്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കി - ₹27878 യുടെ നഷ്ടം | 1-13 |
| 31 | എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്-ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് | 1-14 |
| 32 | തനത് വരുമാനം കറന്റ് അക്കൗണ്ടിൽ നിലനിർത്തുന്നു-പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു. | 1-15 |
| 33 | സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ₹477718 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 34 | കണ്ണൂർ വിവര സഞ്ചയിക -ബുക്ക് അച്ചടി ചെലവു തുക കണക്കാക്കിയതിൽ അപാകങ്ങൾ- ₹93280 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 35 | തെരുവുനായനിയന്ത്രണം- എ ബി സി പ്രോഗ്രാമിന് വിഹിതം നൽകൽ- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല- ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 36 | വാതക ശ്മശാനം നിർമ്മാണം-പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-19 |
| 37 | സ്മാർട്ട് ഐ- മൂന്നാം ഘട്ടം -സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-20 |
| 38 | പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ-അപാകങ്ങൾ. ₹74977യുടെ ചെലവ് തടസപ്പെടുത്തുന്നു | 1-21 |
| 39 | ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള ധന സഹായം-അപാകങ്ങൾ. ₹2,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 40 | പട്ടിക ജാതി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ ആദായ നികുതി ഈടാക്കിയതിൽ കുറവ് | 1-23 |
| 41 | അങ്കണവാടികളിൽ ശിശു സൗഹൃദ പെയിന്റിംഗ്- ആദായ നികുതി ഈടാക്കിയിട്ടില്ല | 1-24 |
| 42 | വനിതകൾക്ക് യോഗ പരിശീലനം- പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ. ₹7600 തടസ്സപ്പെടുത്തുന്നു | 1-25 |
| 43 | പ്രാഥമികവിള ആരോഗ്യ കേന്ദ്രം- നിർവഹണത്തിലെ അപാകങ്ങൾ-₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 44 | അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യമൊരുക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ₹125000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 45 | ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗം- ഗ്രാമപഞ്ചായത്ത്തല അവലോകനം | 1-28 |
| 46 | ജൽജീവൻ മിഷൻ പദ്ധതി-പഞ്ചായത്ത്തല അവലോകനം | 1-29 |
| 47 | സി.എസ്.ആർ ഫണ്ട് (Corporate Social Responsibility Fund) ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-30 |

| | | |
|---|---|---|
| **ഭാഗം 2** | | |
| 1 | പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളായി (സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന) കണക്കാക്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കി- ₹27878 യുടെ നഷ്ടം | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.05.2025 തീയതിയിലെ 114/2025 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 03.06.2025 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 31.03.2025 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി &എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ,
10.10.2025.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

### 1-1-1 ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിലെ യഥാർത്ഥ മിച്ച തുക ബാലൻസ് ഷീറ്റിലെ ബി 1 – ഷെഡ്യൂളിലേക്ക് ക്യാരിഓവർ ചെയ്തിട്ടില്ല.

ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിലെ യഥാർത്ഥ മിച്ച തുകയായ ₹29025537 യ്ക്ക് പകരം ₹29127193 യാണ് ബാലൻസ് ഷീറ്റിലെ ബി 1 – ഷെഡ്യൂളിലേക്ക് (310900101) ക്യാരി ഓവർ ചെയ്തിട്ടുള്ളത്.

### 1-1-2 കേന്ദ്രധനകാര്യകമ്മീഷൻഗ്രാന്റ്-ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റുകളുടെ B-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പ് തുക B-4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക | B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|

| | | |
|---|---|---|
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹2033535 (ബേസിക് ഗ്രാന്റ്-₹294611+ടൈഡ് ഗ്രാന്റ് - ₹1738924) | ₹2034192 |

## 1-1-3 ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ (ബി 11 ഷെഡ്യൂളിൽ) പ്രതിഫലിക്കുന്നില്ല.

## 1-1-4 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-5 ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 28 പ്രകാരം ഓരോ വർഷാവസാനത്തിലും ചെലവ് ചെയ്ത് പണം നൽകാതിരിക്കുന്നവയ്ക്ക് വേണ്ടി പഞ്ചായത്ത് പ്രൊവിഷൻ വയ്ക്കേണ്ടതും വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്ന തീയതിക്ക് 30 ദിവസം മുൻപുള്ള തീയതി കട്ടോഫ് തീയതിയായി കണക്കാക്കി വേണം ബില്ലുകൾക്ക് പ്രൊവിഷൻ വകയിരുത്തേണ്ടത്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2025 മാർച്ചിലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനച്ചെലവ്) ബാലൻസ് ഷീറ്റ് ബി 10 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-6 ഗുണഭോക്തൃവിഹിതം ക്രമീകരിക്കാതെ ബാധ്യതയായി സൂക്ഷിച്ചിരിക്കുന്നു.

ബി-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതം ₹12690 ക്രമീകരിക്കാതെ ബാധ്യതയായി സൂക്ഷിച്ചിരിക്കുന്നു. മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയിലും ഗുണഭോക്തൃ വിഹിതം ഇനത്തിൽ ₹12690 ബാധ്യതയായി ഉൾപ്പെട്ടിരുന്നു. ആയത് നാളിതുവരെ ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

## 1-1-7 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടാതെ നിലനിർത്തുന്നു.

B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2024-25 വർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 340100202 | Supplier’s Security Deposit | 18600 |
| 340100303 | Election Deposit | 14000 |
| 340109901 | Other Deposits | 5000 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. മേൽപ്പറഞ്ഞ ഷെഡ്യൂളുകളിലെ തുകകൾ മുതൽക്കൂട്ടാത്തതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

## 1-1-8 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ അതാത് ഹെഡുകളിൽ ഉൾപ്പെടുത്തുന്നില്ല.

വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുടങ്ങിയ ഓരോ ഫണ്ടുകളുടെയും Capital Contribution രേഖപ്പെടുത്തുന്നതിന് ബാലൻസ് ഷീറ്റ് B-3 ഷെഡ്യൂളിൽ ഹെഡുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ അനുവദിച്ചിട്ടുള്ള അതത് ഹെഡുകളിൽ Capital Contribution തുക ഉൾപ്പെടുത്താതെ ഹെഡ് കോഡ് 312109901 - Capital Contribution എന്ന പൊതുവായ ഹെഡിലാണ് എല്ലാ ഫണ്ടുകളുടെയും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തി വരുന്നത്.

## 1-1-9 ഹഡ്കോ വായ്പയുടെ മുന്നിരിപ്പ്, തൻവർഷം ലഭ്യമായ തുക, നീക്കിയിരിപ്പ് ആയവ പൊരുത്തപ്പെടുന്നില്ല.

ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കു വേണ്ടി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം കെ യു ആർ ഡി എഫ് സി യിൽ നിന്ന് ₹8,89,719 വായ്പയെടുത്തിരുന്നു. 2022-23 സാമ്പത്തിക വർഷം പ്രസ്തുത വായ്പ തുകയുടെ തിരിച്ചടവ് പൂർത്തിയായിട്ടുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷം വരെയായി വികസന ഫണ്ട് വിഹിതം അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും (ജനറൽ, എസ് സി പി) ₹24,15,119 കുറവു ചെയ്തിട്ടുണ്ട്. സ്രോതസ്സിൽ നിന്ന് അധികമായി കുറവ് ചെയ്ത

₹15,25,400 (2415119-889719) തൻവർഷം പുതുതായി എടുത്ത വായ്പ തുകയിൽ (₹7785000) ക്രമീകരിക്കാത്തതിനാൽ വായ്പ നീക്കിയിരിപ്പ് തുകയേക്കാൾ ₹15,25,400 അധികമായി വാർഷിക കണക്കുകളിലെ ബി-5 ഷെഡ്യൂളിലും വായ്പാ രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-1-10 സർക്കാർ തിരിച്ചെടുത്ത തുക ലഭ്യമായിട്ടില്ല.**

2023-24 വർഷം RP-45 Receivables From Government-Others (431409999) പ്രകാരം ₹5043598 സർക്കാർ തിരിച്ചെടുക്കുകയുണ്ടായി. പ്രസ്തുത തുകയിൽ ₹4491381 മാത്രമാണ് 2024-25 വർഷത്തിൽ സർക്കാരിൽ നിന്നും തിരികെ ലഭ്യമായിട്ടുള്ളത്. സർക്കാർ തിരിച്ചെടുത്ത തുകയിൽ ലഭിക്കുവാൻ ബാക്കിയുള്ള ₹552217 സർക്കാരിൽ നിന്നും തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

**1-1-11 ബാലൻസ് ഷീറ്റിൽ ഡെപ്പോസിറ്റ് തുക ഉൾപ്പെടുത്തിയതിലെ അപാകം**

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം പള്ളിക്കുളത്ത് വിസിബി നിർമ്മാണം എന്ന പ്രോജക്ടിൽ (നമ്പർ 262/25 ) ഇ ഗ്രാം പോർട്ടൽ വഴി മൈനർ ഇറിഗേഷൻ വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തൻവർഷം തുക ട്രാൻസ്ഫർ ചെയ്യുവാൻ സാധിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിൽ ₹1930000 നിക്ഷേപിക്കുകയും ചെലാൻ വഴി 2025 ഏപ്രിൽ മാസത്തിൽ ടി വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് അനുവദിക്കുകയുമാണ് ചെയ്തത്. ഡെപ്പോസിറ്റ് പ്രവൃത്തിക്കായി തുക ചെലവഴിച്ചത് 2025-26 വർഷത്തിലാണെങ്കിലും തൻവർഷത്തെ വാർഷിക കണക്കുകളിൽ Advance To Implementing Agencies-Deposit With Public Works Department എന്ന ശീർഷകത്തിൽ ₹1000000 ഉൾപ്പെടുത്തിയതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

**1-1-12 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3541294 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹38873043യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-13 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.**

(1) 2011ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല. ചട്ടം 62 (ഇ) പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(2) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
(3) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1-14 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.**

അക്രൂവൽ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 31.03.2025-ലാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടില്ല.

## 1-1-15 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

സർക്കാരിന്റെ 16.07.2011-ലെ ജി.ഒ(എം.എസ്) നം.152/2011/ത.സ്വ.ഭ.വ. യിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ-2011, ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലുള്ള ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-1-16 വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-17 റീകൺസിലിയേഷൻ -വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

31.03.2025 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank, Directly Credited By Bank ആയി ചേർത്ത തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | തുക | റിമാർക്സ് |
|---|---|---|---|
| കനറാ ബാങ്ക് | 42312250002640 | 16907 | Directly Credited By Bank |
| -----ടി---- | 42312200075503 | 180000 | Directly Debited By Bank |

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 09.02.2024 തീയതിയിലെ യോഗത്തിലെ 1/24 നമ്പർ തീരുമാന പ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 12.02.2024 തീയതിയിൽ രാവിലെ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ 19/2024) അന്നേ ദിവസം തന്നെ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ 20/2024 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 25.02.2025 തീയതിയിലെ യോഗത്തിലെ 17/2025 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും 27.02.2025 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ 48/2025 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ₹ | പുതുക്കിയ ബജറ്റ് പ്രകാരം ₹ |
|---|---|---|
| മുന്നിരിപ്പ് | 10500000 | 1,13,57,769 |
| വരവ് | 184581887 | 21,78,20,855 |
| ആകെ | 195081887 | 22,91,78,624 |
| ചെലവ് | 189726287 | 21,89,22,798 |
| നീക്കിയിരിപ്പ് | 5355600 | 1,02,55,826 |

പുതുക്കിയ ബജറ്റും യഥാർത്ഥ സാമ്പത്തിക നിലയും തമ്മിൽ വരവിലും ചെലവിലും വലിയ അന്തരം നിലനിൽക്കുന്നുണ്ട്. ബജറ്റ് അടങ്കലുകൾ യഥാർത്ഥ വരവ് ചെലവുമായി പരമാവധി താദാത്മ്യം പ്രാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വർദ്ധിച്ചു വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ.(ആർ.ടി)നം.3291/2016/LSGD തിയതി 02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹16767854 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹59544676 |
| ആകെ | ₹76312530 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹56003382 |
| നീക്കിയിരിപ്പ് | ₹20309148 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹27878 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1128575 |

വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, സാമൂഹ്യ സുരക്ഷാ പെൻഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി തുടങ്ങിയ പ്രധാന വരവ് ചെലവ് ഇനങ്ങൾ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ട തന്നെ മേൽപട്ടികയിൽ പരാമർശിച്ച വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 14784000 | 14784000 | 14784000 | 0 |
| വികസന ഫണ്ട് എസ് സി പി | 0 | 2436000 | 2436000 | 2436000 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 15993000 | 15993000 | 12102763 | 3890237 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 0 | 7527000 | 7527000 | 6466882 | 1060118 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് | 206328 | 2491000 + 252 (സർക്കാർ അനുവദിച്ചപലിശ) + 114153 (ബാങ്ക് പലിശ) + 6600 (കരാറുകാരൻ തിരിച്ചടച്ചത്) ------------ 2612005 | 2818333 | 2523722 | 294611 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 138909 * | 5609228 ** | 5748137 | 4009213 | 1738924*** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ട്രഷറി-ക്യാരി ഓവർ വിഹിതം) | 0 | 281978 | 281978 | 281978 | 0 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 138250 | 349303 (₹6303 പലിശ യുൾപ്പെടെ) | 487553 | 96847 | 390706 |
| ഹെൽത്ത് ഗ്രാന്റ്- ഹെൽത്ത് വെൽനെസ് സെന്റർ | 261990 | 565440 (₹7440 പലിശ യുൾപ്പെടെ) | 827430 | 193427 | 634003 |
| ഐ.സി.ഡി.എസ്- കേന്ദ്രവിഹിതം | 2269835 | 2081025 | 4350860 | 2260099 | 2090761 |
| ടോട്ടൽ സാനിറ്റേഷൻ | 700 | 0 | 700 | 0 | 700 |
| ശുചിത്വമിഷൻ | 0 | 516365 | 516365 | 516365 | 0 |
| ബഡ്സ് സ്കൂൾ സ്പഷ്യൽ ഗ്രാന്റ് | 1450101 | 1417000 | 2867101 | 1242151 | 1624950 |
| ലൈഫ് ഭവന പദ്ധതി സംസ്ഥാന | **560000** | 2740000 **** | **3300000** | **3300000** | **0** |

| | | | | | |
|---|---|---|---|---|---|
| സർക്കാർവിഹിതം | | | | | |
| വിമുക്തി | 950 | 0 | 950 | 0 | 950 |
| മറ്റ് ഗ്രാന്റുകൾ | 501815 | 0 | 501815 | 0 | 501815 |
| സാക്ഷരത | 11160 | 450 | 11610 | 0 | 11610 |
| അവാർഡ് തുക-കേന്ദ്ര ഫണ്ട് | 1080051 | 139459 | 1219510 | 0 | 1219510 |
| ലൈബ്രറി ഗ്രാന്റ് | 500 | 18410 | 18910 | 16860 | 2050 |
| സ്റ്റേറ്റ് അവാർഡ് - ജില്ലാതലത്തിൽ ലഭിച്ചത് | 523324 | 0 | 523324 | 366857 | 156467 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്-ആസ്തി വികസനം | 3000 | 0 | 3000 | 0 | 3000 |
| കണ്ണൂർ കോർപ്പറേഷൻ – നഗര സഞ്ചയ വിഹിതം | 0 | 1710918 | 1710918 | 1710918 | 0 |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 516365 | 516365 | 516365 | 0 |
| ബി എം സി | 200000 | 0 | 200000 | 36827 | 163173 |
| പഞ്ചായത്ത് ലേണിംഗ് സെന്റർ | 0 | 490869 | 490869 | 200000 | 290869 |
| എസ് ബി എ (റൂറൽ & അർബൻ) | 0 | 7500 | 7500 | 7500 | 0 |

*മുന്നിരിപ്പിൽ ₹657യുടെ വ്യത്യാസം നിലനിൽക്കുന്നു.

**കുക്കാനം കുടിവെള്ള പദ്ധതി-217/24, ₹81728, 09.07.2024 തീയതിയിൽ തിരിച്ചടച്ച തുക ഉൾപ്പെടെ

***നീക്കിയിരിപ്പിൽ ₹657യുടെ വ്യത്യാസം നിലനിൽക്കുന്നു.

**** ₹40000 തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് നൽകിയ തുകയാണ്.

**വിവിധ ഗ്രാന്റുകൾ ലഭ്യമായതിന്റെയും ഗ്രാന്റ് അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യതിലെയും വിനിയോഗത്തിലെയും അപാകങ്ങൾ താഴെ ചേർക്കുന്നു.**

1. വികസന ഫണ്ടിന്റെ പൊതുവിഭാഗം വിഹിതങ്ങളിൽ നിന്ന് ₹792304 കെ.യു.ആർ.ഡി.എഫ്.സി (ലൈഫ് ഭവന പദ്ധതി) വായ്പ തിരിച്ചടവ് ഇനത്തിലും അങ്കണവാടി ഹോണറേറിയം ഇനത്തിൽ ₹919800 യും ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ്, സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2. ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ 2023-24 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു, ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റുകളുടെ ക്യാരി ഓവർ വിഹിതമായി ലഭിച്ച തുകകൾ എന്നിവയും തൻവർഷം അലോട്ട്മെന്റായി ലഭിക്കുകയുണ്ടായി. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ ₹114153 ബേസിക് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 251 | 115312473 | 189 | 74909867 | 4 | 185 | 62 | 73.7 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച | നടപ്പിലാ | പദ്ധതി | പദ്ധതി | ചെലവ് |
|---|---|---|---|---|---|

| | പദ്ധതികളുടെ എണ്ണം | ക്കിയത് | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 5796404 | 5696404 | 98.27 |
| വെറ്റിനറി സർജ്ജൻ | 4 | 4 | 1220000 | 1219996 | 100 |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. | 12 | 9 | 2771525 | 1501816 | 54.19 |
| മെഡിക്കൽ ഓഫീസർ -ആയുർവേദം | 6 | 6 | 2270000 | 2239546 | 98.66 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 60000 | 59900 | 99.83 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരിവെള്ളൂർ & പെരളം സർക്കിളുകൾ) | 19 | 17 | 26622474 | 23089930 | 86.73 |
| ഐസിഡിഎസ് സൂപ്പർവൈസർ | 23 | 22 | 6336838 | 5881602 | 92.82 |
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത് | 36 | 23 | 14819968 | 4743478 | 32 |
| ഹെഡ് മാസ്റ്റർ, ഗവൺമെന്റ് എൽ പി സ്കൂൾ | 12 | 10 | 1169600 | 989786 | 84.63 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 118 | 78 | 45989859 | 23119236 | 50.27 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 3405957 | 2927000 | 85.94 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 9 | 9 | 4849848 | 3441173 | 70.95 |
| ആകെ | 251 | 189 | 115312473 | 74909867 | 64.96 |

**ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ തിരിച്ചടവ്, അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക അടങ്കലിൽ ചേർക്കാതെ ചെലവു കാണിച്ചതിനാൽ സുലേഖ ചെലവ് പത്രികയിലെ ചെലവു ശതമാനം കൂടിയിട്ടുണ്ട്. കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) ജില്ലാ ആസൂത്രണസമിതിയുടെ 76/2024/ DPC/DPO/KNR തീയതി 22.03.2025 നമ്പർ ഉത്തരവു പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിൽ 80 സ്പിൽ ഓവർ പ്രോജക്ടുകളും 171 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 251 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷിക പദ്ധതിയുടെ ആകെ അടങ്കൽ ₹115312473യാണ്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളായ ആസൂത്രണ സമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസന സെമിനാർ എന്നിവ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി/കമ്മറ്റി തീരുമാനം നമ്പർ |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചു അംഗീകരിച്ചു | 22.11.2023 |
| ആസൂത്രണസമിതിയോഗം | 26.11.2023 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 22.11.2023 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 01.12.2023 |
| കുട്ടികളുടെ ഗ്രാമസഭ | 09.12.2023 |
| ഭിന്നശേഷിഗ്രാമസഭ | 04.12.2023 |
| വയോജനഗ്രാമസഭ | 05.12.2023 |
| വികസനസെമിനാർ | 04.01.2024 |
| ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചു | 125/2024- 11.07.2024 |
| ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു | 06/2024 – 11.01.2024 |
| വാർഷികപദ്ധതി ഡി പി സി അംഗീകാരം (പ്രാഥമികം) | 30.01.2024 |
| വാർഷിക പദ്ധതി ഡി പി സി അംഗീകാരം (അന്തിമം) | 22.03.2025 |

**പദ്ധതി നിർവ്വഹണം**

അംഗീകാരം ലഭിച്ച 251 പ്രോജക്ടുകളിൽ 189 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ പ്രോജക്ടുകൾ

നടപ്പിലാക്കിയത് 13 നിർവ്വഹണ ഉദ്യോഗസ്ഥരാണ്. വിവിധ സ്രോതസ്സുകളിൽ നിന്നായി ₹115312473 വകയിരുത്തിയതിൽ ₹74909867 ചെലവഴിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ചെലവ് ആകെ അടങ്കലിന്റെ 64.96 ശതമാനമാണ്.

**പദ്ധതി നിർവ്വഹണം - പഞ്ചായത്തിന്റെ പൊതുസമീപനം**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷമായ 2024-25 വർഷത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുഖാന്തിരം ചർച്ചകൾ നടത്തുകയും അതിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കുകയും ചെയ്തിരുന്നു. കാർഷികമേഖലയിൽ നെൽകൃഷി പ്രോൽസാഹിപ്പിയ്ക്കുന്നതിനുള്ള ശ്രമങ്ങളാണ് പദ്ധതി കാലയളവിൽ നടന്നത്. സാന്ത്വന പരിചരണം, മരുന്നു വാങ്ങൽ എന്നിവയായിരുന്നു ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾ. പാർപ്പിട മേഖലയിൽ ലൈഫ് പദ്ധതി കാര്യക്ഷമമായി നിർവ്വഹിച്ചിട്ടുണ്ട്. വയോജന സൗഹൃദ പ്രവർത്തനങ്ങളും, സ്ത്രീകളുടെ ശുചിത്വം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളും, അനുപൂരക പോഷക പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളിൽ 56 സ്പിൽ ഓവർ പ്രോജക്ടുകളും 62 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ 118 പ്രോജക്ടുകളിൽ 78 എണ്ണത്തിന് മാത്രമെ തൻവർഷം ചെലവു വന്നിട്ടുള്ളൂ. ചെലവ് വന്നിട്ടുള്ള പ്രോജക്ടുകളിൽ 50 എണ്ണവും സ്പിൽ ഓവർ പ്രോജക്ടുകളുകളാണ്. പുതിയ പ്രോജക്ടുകളിൽ 28 എണ്ണത്തിന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. റോഡ് നവീകരണത്തിനും, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ നിന്നും പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവ്വഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായിട്ടില്ലെന്നുള്ളത് വാർഷിക പദ്ധതികളുടെ ന്യൂനതയാണ്. നിർവ്വഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ച ശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവ്വഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷിക പദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

**വാർഷിക പദ്ധതി വിലയിരുത്തൽ**

സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പ്രൊജക്ട് നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞില്ല. ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് വലിയ തുകകൾ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, സംസ്ഥാനാവിഷ്കൃത ഫണ്ട് തുകകളായി വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം ലഭിച്ച തുകകൾ കുറവായതിനാലാണ് വി.ഇ.ഒ.യുടെ ചെലവ് ശതമാനം കുറയാൻ കാരണമായത്. മേൽപ്പറഞ്ഞ കാരണങ്ങളെല്ലാം തന്നെ ആകെ ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കി. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

**സഞ്ചിതനിധിയിലേയ്ക്ക് ₹4950355 തിരികെ എടുക്കപ്പെട്ടു**

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പാക്കാത്തതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ ₹4950355 സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തു.

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | ലാപ്സായ തുക (സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്ത തുക) |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 7527000 | 6466882 | 1060118 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 15993000 | 12102763 | 3890237 |
| ആകെ | | | 4950355 |

സ.ഉ.(കൈ)നം.79/2021/ധന തീയതി 15.07.2021 പ്രകാരം വികസന ഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, സംരക്ഷണ ഫണ്ട് എന്നിവയിൽ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ക്യാരി ഓവർ വിഹിതമായി (അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ) തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ, യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട്ഫോൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിയ്ക്കുന്ന ഇപ്രകാരമുള്ള ഷോർട്ട്ഫോൾ തുക തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതാണ്. 2024-25 വർഷം ഗ്രാമപഞ്ചായത്തിൽ വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ് സി പി ഇനങ്ങളിൽ 100 ശതമാനം ചെലവ് കൈവരിച്ചിട്ടുണ്ട്. എന്നാൽ സംരക്ഷണ ഫണ്ട് റോഡ് ഇനത്തിൽ 80 ശതമാനത്തിലധികം ചെലവ് കൈവരിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതിച്ചെലവിലുണ്ടാകുന്ന കുറവ് തുടർവർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ്

കമ്മറ്റികളുടെ അടിയന്തര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1139762* | 1139762 | 1139649* | 113 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24687000 | 24687000 | 24687000 | 0 |
| ആകെ | 0 | 25826762 | 25826762 | 25826649 | 113 |

* വരവ് തുകയിൽ ₹2687 പലിശയിനത്തിലുള്ള വരവാണ്.

**ചെലവ് തുകയിൽ ₹2574 മിഷൻ അക്കൗണ്ടിലേക്ക് തിരിച്ചടച്ച തുകയാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 11458400 | 648 |
| വിധവാ പെൻഷൻ | 15803600 | 900 |
| വാർദ്ധക്യകാല പെൻഷൻ | 27938600 | 1823 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3869700 | 206 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1239200 | 70 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.07.2025 തീയതി ഉച്ചക്ക് ശേഷം 2.30 PM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1599 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള ക്യാഷ് നീക്കിയിരിപ്പ് ₹200 ഉൾപ്പെടെ (ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ കോഡ്-460100102 കാണുക) ആകെ ക്യാഷ് നീക്കിയിരിപ്പ് ₹1799 യാണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി, ലൈസൻസ് എന്നിവ സംബന്ധിച്ച ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ, രേഖകൾ ലഭ്യമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കും, ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമ ആസ്തികളിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ച് നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ്

ഗ്രൂപ്പുകളുടെയും ചുമതലയാണ്.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ ആവശ്യമായ രേഖകൾ കൃത്യമായി തയ്യാറാക്കുന്നുണ്ട് എന്ന് പ്രതിമാസ യോഗങ്ങളിൽ അതാത് സ്റ്റാൻഡിംഗ് കമ്മറ്റികൾ വിലയിരുത്തേണ്ടതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ടി.ആർ.7എ ഫോർമാറ്റിലുള്ള ക്യാഷ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഫീൽഡ്തല പരിശോധനയിലൂടെ കെട്ടിടങ്ങളുടെ ഒക്യുപെൻസിക്കു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ നികുതി വിധേയമാക്കേണ്ടതാണ്. അനധികൃത നിർമ്മാണം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹിച്ചതിനു ശേഷം നീരിക്ഷണ കാലയളവിൽ (Defect Liability Period) ഉണ്ടാകുന്ന അറ്റകുറ്റ പണികൾ പ്രസ്തുത കരാറുകാരനെ കൊണ്ട് തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പി.ഡബ്ല്യു.ഡി മാന്വലിൽ നിഷ്കർഷിച്ചത് പ്രകാരമുള്ള പിഴ ഈടാക്കാതെ ഭരണസമിതി തീരുമാനപ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് ഒറിജിനൽ കാലാവധിയുടെ പകുതിയിലധികം ദീർഘിപ്പിച്ചു നൽകുന്നത് ക്രമപ്രകാരമല്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. പ്രതിമാസ ഓഫീസ് തല യോഗങ്ങളിലൂടെ പ്രായോഗിക വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തി പദ്ധതി നടത്തിപ്പും, അതോടൊപ്പം പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനിവാര്യ ചുമതലകളുടെ നിർവ്വഹണവും കൃത്യതയോടെ നിർവ്വഹിക്കുവാൻ സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കുന്നതിന് മുൻപുള്ള പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരാമർശങ്ങളും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങളും പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും 2024-25 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ 2023 ഡിസംബർ മാസത്തിലും ശുചിത്വഗ്രാമസഭ 2024 മാർച്ച് മാസത്തിലും ചേരുകയുണ്ടായി. 2024-25 സാമ്പത്തിക വർഷത്തിൽ 2024 ജൂലായ്, ഡിസംബർ മാസങ്ങളിലായി ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2024-25 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി, സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, മാലിന്യമുക്ത കേരളം, 2023-24 വരവ് ചെലവ് കണക്ക് അംഗീകാരം മുതലായവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭാ മിനുട്സ് അതത് ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരിൽ 15 പേരെങ്കിലും സാക്ഷ്യപ്പെടുത്തി ഒപ്പു വയ്ക്കാനും കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭാ യോഗം ചേരുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/ത.സ്വ.ഭ.വ. പ്രകാരം 01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. പ്രസ്തുത വിവരങ്ങളുടെയും 9 ബി ഫോറം ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ അധിക നിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഡാറ്റാ പ്യൂരിഫിക്കേഷൻ ഭാഗികമായി ചെയ്തിട്ടുണ്ടെന്നും ഫീൽഡ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ ഭാഗമായുള്ള വസ്തു നികുതി പരിഷ്കരണ നടപടികൾ സ്വീകരിച്ച് വരുന്നെന്നും അറിയിച്ചിട്ടുണ്ട്. ഫീൽഡ് തല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷം 59 കെട്ടിടങ്ങൾ, 2024-25 സാമ്പത്തിക വർഷം 95 കെട്ടിടങ്ങൾ, 2025-26 സാമ്പത്തിക വർഷം 24 കെട്ടിടങ്ങൾ എന്നീ ക്രമത്തിൽ ആകെ 178 കെട്ടിടങ്ങളുടെ അധികനിർമ്മാണം ക്രമവൽക്കരിച്ച് കെട്ടിട നികുതി പുനർനിർണ്ണയിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നികുതി

പുനർനിർണ്ണയിച്ചതിലൂടെ 2023-24 സാമ്പത്തിക വർഷം ₹23648 നികുതി വർദ്ധനവും 2024-25 സാമ്പത്തിക വർഷം ₹63340 നികുതി വർദ്ധനവും ഉണ്ടായിട്ടുണ്ട്. 161 എണ്ണം 9 ബി ഫോറം ലഭിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നികുതി പരിഷ്കരണം ഭാഗികമായാണ് പൂർത്തീകരിച്ചിട്ടുള്ളത്. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളായി (സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന) കണക്കാക്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കി - ₹27878 യുടെ നഷ്ടം

സ.ഉ.(അച്ചടി)നം.25/2023/ത.സ്വ.ഭ.വ/05.04.2023, എസ് ആർ ഒ നമ്പർ 479/2023 എന്നീ വിജ്ഞാപന പ്രകാരം വ്യത്യസ്ത കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (₹) | ഏറ്റവും കൂടിയ നിരക്ക് (₹) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 8 | 12 |
| 3 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് വരെയുള്ളവ | 40 | 70 |
| 4 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് മുകളിലുള്ളവ | 55 | 75 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 15.07.2023 തീയതിയിലെ 238/23 നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1, 2, 3, 4 എന്നീ കെട്ടിട വിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6, 10, 50, 60 എന്നിങ്ങനെയാണ് (2024-25 വർഷം 5% വർദ്ധനവ് വന്നിട്ടുണ്ട്). എന്നാൽ താഴെ പറയുന്ന 2024-25 കാലയളവിലെ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടങ്ങളെ തെറ്റായ ഉപവിഭാഗങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമ സ്ഥന്റെ പേര് | കെട്ടിട വിസ്തീർണ്ണം ച.മീ | സഞ്ചയയിൽ ഉൾപ്പെട്ടത്തിയ കെട്ടിടത്തിന്റെ ഉപ വിഭാഗം | സഞ്ചയയിൽ ഉൾപ്പെട്ടത്തേണ്ട കെട്ടിടത്തിന്റെ ഉപ വിഭാഗം | ഈടാക്കേണ്ട വസ്തു നികുതി നിരക്ക് | ഈടാക്കിയ വസ്തു നികുതി നിരക്ക് | വാർഷിക വസ്തു നികുതി/ ഈടാക്കിയ വസ്തു നികുതി | ഈടാക്കേണ്ട വാർഷിക വസ്തു നികുതി | ഈടാക്കിയതിൽ കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| 2/579C, D, E, F, G, H | പി.ജി മനോജ് നായർ | 421.5 (58.02+ 81.47+ 71.26 +58.02+ 81.47+ 71.26) | പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ | ₹63 (60+ 5% വർദ്ധനവ്) | ₹10.5 | ₹5582 (₹769, 1240100877/ 05.07.2024 ₹1079, 1240100878/ 05.07.2024 ₹943, 1240100879/ 05.07.2024 | ₹33460 (421.5x63 =26555) വർദ്ധനവ് 20%= 5311 ലൈബ്രറി സെസ് | ₹27878 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | വിനോദ സഞ്ചാരി കൾക്ക് വാടകയ്ക്ക് നൽകുന്ന തുമായ പാർപ്പിട ങ്ങൾ) -300 ച.മീ മുകളി ലുള്ളവ | -300 ച.മീറ്റ റിന് മുകളി ലുള്ളവ | | | ₹769, 1240100880/ 05.07.2024 ₹1079/ 1240100881/ 05.07.2024 ₹943, 1240100882/ 05.07.2024) | 5%= 1594) | |

ക്വാർട്ടേഴ്സുകൾക്ക് വസ്തു നികുതി ഈടാക്കേണ്ടത് മറ്റു പ്രത്യേക പാർപ്പിടങ്ങൾ എന്ന കെട്ടിട ഉപവിഭാഗത്തിൽ പെടുത്തി ആണെന്നിരിക്കെ മുകളിൽ പറഞ്ഞിരിക്കുന്ന ക്വാർട്ടേഴ്സിന് സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടം എന്ന കെട്ടിട ഉപവിഭാഗത്തിൽപ്പെടുത്തിയാണ് നികുതി ഈടാക്കിയിട്ടുള്ളത്. കെട്ടിടങ്ങളുടെ ഉപവിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:17/15.7.2025) മറുപടിയായി എ1 റെസിഡൻഷ്യൽ വിനിയോഗ ഗണത്തിൽ ഉൾപ്പെടുത്തിയാണ് ഈ കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചിരുന്നതെന്നും കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് 2019 പ്രകാരം എ1 ഒക്യുപൻസിയിൽ വരുന്ന കെട്ടിടങ്ങളാണ് സഞ്ചയയിൽ പാർപ്പിടങ്ങൾ, ഹോംസ്റ്റേ ഉടമസ്ഥർ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ എന്ന വിഭാഗത്തിന്റെ ഉപവിഭാഗമായി വരുന്ന വീടുകൾ, അപ്പാർട്ട്മെന്റുകൾ, റസിഡൻഷ്യൽ ഫ്ലാറ്റുകൾ എന്നിവ എന്നാണ് ചട്ടം പരിശോധിച്ചതിൻ പ്രകാരം ബോധ്യമായിട്ടുള്ളതെന്നും ആയതിനാലാണ് മേൽ കെട്ടിങ്ങൾക്ക് റസിഡൻഷ്യൽ ഫ്ലാറ്റുകൾ എന്ന ഉപവിഭാഗത്തിൽ ഉൾപ്പെടുത്തി ബാധകമായ നികുതി ചുമത്തിയിട്ടുള്ളത് എന്നും സഞ്ചയയിൽ ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾ കേരള കെട്ടിട നിർമ്മാണ ചട്ട പ്രകാരം ഗ്രൂപ്പ് എ2 വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളായതിനാലാണ് മേൽ കെട്ടിടങ്ങൾക്ക് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിൽ ഉൾപ്പെടുത്തി നികുതി ചുമത്താതിരുന്നത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണ ചട്ടങ്ങളും വസ്തു നികുതി ചട്ടങ്ങളും വ്യത്യസ്തമാണ്. ഇവ തമ്മിൽ പരസ്പരം ബന്ധമില്ലാത്തതിനാൽ മറുപടി തൃപ്തികരമല്ല. ഈ കെട്ടിടങ്ങളെ കൃത്യമായ നിരക്കിൽ ഉൾപ്പെടുത്തി നികുതി നഷ്ടം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്-ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി എഫ്.ടി.ഇ&ഒ.എസ് ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ്തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. പഞ്ചായത്തിൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളും ലൈസൻസെടുത്തുവെന്ന് ഉറപ്പാക്കുവാനും വാർഡ്തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങേണ്ടതുണ്ട്. കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/14.07.2025) മറുപടിയായി ലൈസൻസ് രജിസ്റ്ററിൽ നിന്ന് പകർത്തി എഴുതി താൽക്കാലികമായി തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റാണ് ഹാജരാക്കിയത്. ഫീൽഡ് തല പരിശോധന നടത്തി മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സമ്പൂർണ്ണമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഭരണസമിതി അംഗീകാരം വാങ്ങേണ്ടതാണ്.

## 1-15 തനത് വരുമാനം കറന്റ് അക്കൗണ്ടിൽ നിലനിർത്തുന്നു-പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി ഇ-പേയ്മെന്റ്, യു പി ഐ അക്കൗണ്ടുകൾ കറന്റ് അക്കൗണ്ടുകളാണ്. കറന്റ് അക്കൗണ്ടിൽ വരുന്ന തുകകൾ നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ പലിശയിനത്തിൽ ലഭിക്കുമായിരുന്ന വരുമാനം ഗ്രാമപഞ്ചായത്തിന് നഷ്ടമാവുന്നുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് വിവരം | നീക്കിയിരിപ്പ് |
|---|---|
| | 31.03.2025 |
| കാനറ ബാങ്ക് (യു പി ഐ അക്കൗണ്ട് നമ്പർ -120024194715) | 16,66,381 |

മേൽ സൂചിപ്പിച്ച പ്രകാരം വലിയ തുകകൾ ഇപ്രകാരം കറന്റ് അക്കൗണ്ടിൽ നിലനിർത്തുന്നത് പലിശയിനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടമുണ്ടാകുന്നുണ്ട്. നിശ്ചിത ഇടവേളകളിൽ കറന്റ് അക്കൗണ്ടുകളിൽ നിന്നും സേവിംഗ്സ് അക്കൗണ്ടിലേക്ക് തുക മാറ്റുകയോ സ്ഥിരനിക്ഷേപമാക്കുകയോ ചെയ്ത് പലിശയിനത്തിലുള്ള വരുമാനനഷ്ടം

ഒഴിവാക്കേണ്ടതാണ്.

**1-16 സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ₹477718 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിനായി സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണിത്.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ, പേര് | 13/25, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ |
| അടങ്കൽ | ₹572527 (വികസന ഫണ്ട്) |
| ചെലവ് തുക | ₹572527 |
| ബിൽ നമ്പർ (എ.സി.ആർ. പ്രകാരം) | 386/06.03.2025 - ₹477718<br>387/06.03.2025 - ₹94809 |

കെ.എസ്.ഇ.ബി. യിൽ നിന്ന് ലഭിച്ച 06.1.2025 ലെ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ ₹477718 യും 12.02.2025 ലെ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ ₹94809യും കെ.എസ്.ഇ.ബി.യുടെ കരിവെള്ളൂർ സെക്ഷനിലേക്ക് ഒടുക്കിയിട്ടുണ്ട്. വെള്ളൂർ കെ എസ് ഇ ബി സെക്ഷൻ പരിധിയിൽ പെടുന്ന 5, 6, 8 വാർഡുകളിലെ ₹94809 എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. മറ്റ് വാർഡുകളിലെ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ, കെ.എസ്.ഇ.ബി. യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/14.07.2025) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് നൽകുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹477718യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-17 കണ്ണൂർ വിവര സഞ്ചയിക -ബുക്ക് അച്ചടി ചെലവു തുക കണക്കാക്കിയതിൽ അപാകങ്ങൾ- ₹93280 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ, പേര് | 219/25, കണ്ണൂർ വിവര സഞ്ചയിക കൃത്യമായ വിവരങ്ങൾ സമഗ്രമായ ആസൂത്രണത്തിന്. |
| അടങ്കൽ | ₹5,00,000 – തനത് ഫണ്ട് |
| ചെലവ് | ബിൽ നം.231/11.12.2024 – ₹95000<br>409/08.03.2025 – ₹14000<br>444/12.03.2025 – ₹93280<br>486/19.03.2025 – ₹15000<br>ആകെ ചെലവ്: ₹217280 |

ആസൂത്രണ പ്രക്രിയയ്ക്ക് ആവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും ക്രോഡീകരിച്ച് നൽകുകയും ചെയ്യുക, ആയത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ വെബ് അധിഷ്ഠിതമായി ക്രമീകരിക്കുക എന്നിവയാണ് പ്രൊജക്റ്റിന്റെ ലക്ഷ്യം. പ്രൊജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാർഡ്തലത്തിൽ എന്യൂമറേറ്റർ വഴി വിവരശേഖരണം നടത്തുന്നതിന് ഹോണറേറിയമായി അനുവദിച്ച ₹95000യും കണ്ണൂർ വിവര സഞ്ചയിക ബുക്ക് ഡി.ടി.പി പ്രിന്റ് & ബൈന്റ് ചാർജ്ജ് ആയി ₹93280യും റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രവർത്തിച്ച വിദഗ്ധർക്ക് നൽകുന്നതിനായി ₹15000യും സൂപ്പർവൈസേഷൻ ചാർജ്ജ് ആയി ₹14000യും ഉൾപ്പടെ ആകെ ₹217280യാണ് തൻവർഷം ചെലവഴിച്ചത്. പദ്ധതിയുടെ നിർവ്വഹണ രേഖകളുടെ പരിശോധനയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ താഴെ ചേർക്കുന്നു.

**1. ബുക്ക് അച്ചടി-ചെലവു തുക കണക്കാക്കിയതിൽ അപാകങ്ങൾ- ₹93280 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

കണ്ണൂർ വിവര സഞ്ചയിക ബുക്ക് (50 എണ്ണം) ഡി.ടി.പി പ്രിന്റ് & ബൈന്റ് ചാർജ്ജ് ആയി ₹93280 ചെലവഴിച്ചിട്ടുണ്ട്. 50 എണ്ണം അച്ചടിച്ചിട്ടുണ്ടെങ്കിലും 22 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളുവെന്നും ബാക്കിയുള്ളവ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചത്. വെറുതെ സൂക്ഷിക്കാനായി കൂടുതൽ കോപ്പി അച്ചടിച്ചതിന്റെ കാരണം വ്യക്തമല്ല. പഞ്ചായത്തിലെ അച്ചടി പ്രവൃത്തികൾക്കായി സ്വീകരിച്ച ക്വട്ടേഷൻ നടപടികളുടെ രേഖകളാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (14/14.07.2025) മറുപടിയായി പരിശോധനയ്ക്ക് ലഭ്യമാക്കിയത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത രാജേന്ദ്ര ലേസർ പ്രിന്റേഴ്സ്, പയ്യന്നൂർ എന്ന സ്ഥാപനത്തെയാണ് 11.07.2024 പഞ്ചായത്ത് ഭരണസമിതിയുടെ 17-ാം നമ്പർ

തീരുമാനപ്രകാരം തൻവർഷത്തെ അച്ചടി പ്രവൃത്തികൾക്കായി തെരഞ്ഞെടുത്തത്. എന്നാൽ അച്ചടി പ്രവൃത്തികൾക്കായി സ്ഥാപനം ക്വാട്ട് ചെയ്യാത്ത ഇനങ്ങളും ഇൻവോയ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻവോയ്സിൽ ഉൾപ്പെടുത്തിയ താഴെ ചേർക്കുന്ന ഇനങ്ങൾ ക്വട്ടേഷനിൽ ഉൾപ്പെടുത്താത്തവയാണ്.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | കളർ പ്രിന്റ് പേപ്പർ ₹8 തോതിൽ 174 പേജിന് | 69600 |
| 2 | കളർ പ്രിന്റ് കാർഡ് ₹13 തോതിൽ 9 പേജിന് | 5850 |

ക്വട്ടേഷൻ രേഖകളും സ്ഥാപനം നൽകിയ ഇൻവോയ്സും പൊരുത്തപ്പെടാത്തതിനാൽ ₹93280യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**2) ലക്ഷ്യം പൂർത്തീകരിച്ചില്ല**

പ്രോജക്ട് നിർവ്വഹണത്തിനായി ആസൂത്രണം ചെയ്ത പ്രവർത്തനങ്ങളിൽ ഏതൊക്കെ പ്രവർത്തനങ്ങൾ നിർവ്വഹണത്തിനായി ബാക്കിയുണ്ട്, അവയുടെ നിലവിലെ അവസ്ഥ എന്താണ് എന്നീ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/14.07.2025) ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനാവശ്യത്തിനുള്ള വിവരങ്ങൾക്കായുള്ള പ്രോജക്ട് ആയതിനാൽ ഭൗതിക ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-18 തെരുവുനായനിയന്ത്രണം- എ ബി സി പ്രോഗ്രാമിന് വിഹിതം നൽകൽ- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല- ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

“തെരുവുനായ നിയന്ത്രണം- എ ബി സി പ്രോഗ്രാമിന് വിഹിതം നൽകൽ" എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേരും | 14/25, തെരുവുനായ നിയന്ത്രണം - എ ബി സി പ്രോഗ്രാമിന് വിഹിതം നൽകൽ |
| അടങ്കൽ | ₹50,000 (വികസന ഫണ്ട്) |
| ചെലവ് | ₹50,000, ബിൽ നമ്പർ: 229/ 11.12.2024 |

തദ്ദേശസ്വയംഭരണ (ആർ സി) വകുപ്പിന്റെ 23.08.2022 തീയതിയിലെ 2065/2022/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹50,000 കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/14.07.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് നൽകുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 വാതക ശ്മശാനം നിർമ്മാണം-പ്രവൃത്തി ആരംഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 243/25, വാതക ശ്മശാനം നിർമ്മാണം മണ്ണ് പരിശോധനയ്ക്ക് തുക നൽകൽ |
| അടങ്കൽ | ₹36364 – തനത് ഫണ്ട് |
| ചെലവ് | ₹36364, ബിൽ നമ്പർ: 152/28.09.2024 |

കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് പൊതു ശ്മശാനം കിഫ്ബി ഫണ്ട് ഉപയോഗിച്ച് IMPACT KERALA Ltd. എന്ന അംഗീകൃത ഏജൻസി മുഖാന്തിരം നവീകരിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കി നൽകുന്നതിന്റെ ഭാഗമായി മണ്ണ് പരിശോധന നടത്തുന്നതിനായി ₹36364 കണ്ണൂർ ഗവ. കോളേജ് ഓഫ് എഞ്ചിനീയറിംഗിന് നൽകിയിട്ടുണ്ട്. 30.06.2024 തിയ്യതിയിലെ മണ്ണ് പരിശോധന റിപ്പോർട്ട് 12.09.2024 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ2-7361/23 നമ്പർ കത്ത് പ്രകാരം IMPACT KERALA Ltd. കമ്പനി മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച

വിവരങ്ങൾ അറിയിക്കുവാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/14.07.2025) ശ്മശാന നവികരണം സംബന്ധിച്ച ഡി.പി.ആർ തയ്യാറാക്കാൻ IMPACT KERALA Ltd. കമ്പനിയുടെ എം പാനൽ കൺസൽട്ടൻസിയായ സെന്റർ ഫോർ ഫാമിംഗ് ആന്റ് ഫുഡ് പ്രോസ്സസ്സിംഗ് എന്ന സ്ഥാപനത്തിന് വിവരങ്ങൾ കൈമാറിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിക്കുന്നതിനാവശ്യമായ ഇടർപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-20 സ്മാർട്ട് ഐ- മൂന്നാം ഘട്ടം -സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 19/25, സ്മാർട്ട് ഐ- മൂന്നാം ഘട്ടം |
| അടങ്കൽ | ₹517280 (CFC-ടൈഡ്)<br>₹13822 (തനത്)<br>ആകെഃ ₹531102 |
| ചെലവ് | ₹517280, 511/23.03.2025 – സി.എഫ്.സി-ടൈഡ്<br>₹12835, 512/23.03.2025 – തനത് ഫണ്ട്<br>ആകെ ചെലവ്ഃ ₹530115 |

ഗ്രാമപഞ്ചായത്തിലെ വിവിധ ഇടങ്ങളിൽ മാലിന്യനിക്ഷേപം തടയുന്നതിന് സി.സി ടിവി സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണിത്. ടെണ്ടർ നടപടികളുടെ അടിസ്ഥാനത്തിൽ സെക്യൂട്രോണിക്സ്, തവളപ്പാറ, കണ്ണൂർ എന്ന സ്ഥാപനത്തിന് പ്രവൃത്തി കൈമാറുകയും മേൽ ബില്ലുകൾ പ്രകാരം ₹530115 നൽകുകയും ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.11.2021 ലെ ഡി.എ.1/317/2021/ത.സ്വ.ഭ.വ. സർക്കുലർ അനുസരിച്ച് സി.സി ടിവി സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. ഇത്തരം പ്രോജക്ടുകൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ പ്രവർത്തനക്ഷമതയും ഇതിന്റെ സഹായത്തോടെയുള്ള മോണിറ്ററിംഗും തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തണമെന്നും സി.സി ടിവി യുടെ വില, ഗുണനിലവാരം എന്നിവ സംബന്ധിച്ച് പരിശോധന നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സി.സി ടിവി സ്ഥാപിക്കുമ്പോൾ അതിന്റെ മോണിറ്ററിംഗിൽ പോലീസ് സ്റ്റേഷനെ കൂടി ഉൾപ്പെടുത്തണമെന്നും റസിഡൻസ് അസോസിയേഷനുകൾ, സമീപമുള്ള കടകൾ, മറ്റ് ഗുണഭോക്താക്കൾ എന്നിവരുടെ സഹകരണവും സാമ്പത്തികമായി ചെറിയ തോതിലെങ്കിലുമുള്ള പങ്കാളിത്തവും ഉറപ്പാക്കണമെന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണ ഘട്ടത്തിൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/14.07.2025) സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഓരോ പ്രോജക്ടിന്റെയും ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിനുള്ള ജാഗ്രത പുലർത്തേണ്ടതാണ്.

## 1-21 പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ- അപാകങ്ങൾ. ₹74977യുടെ ചെലവ് തടസപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട നമ്പർ, പേര് | 8/25, പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| അടങ്കൽ | ₹74977 വികസന ഫണ്ട് – എസ്.സി.പി. |
| ചെലവ് | ₹74977, ബിൽ നമ്പർ 466/17.03.2025 |

മേൽ സൂചിപ്പിച്ച പ്രൊജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ (ഇരിണാവ്, കണ്ണൂർ) നിന്നും 15 വീതം സ്റ്റീൽ മേശയും കസേരയും വാങ്ങി താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ മേശയുടെ എണ്ണം | കസേരയുടെ എണ്ണം |
|---|---|---|---|
| 1 | ആരോഹി ബി | 1 | 1 |
| 2 | ആഷിൻ സി. | 1 | 1 |
| 3 | ധ്യാൻ നന്ദൻ സി | 1 | 1 |

| | | | |
|---|---|---|---|
| 4 | റൃഥ്വിക് ദാസ് സി. | 1 | 1 |
| 5 | അഷവിക വിജേഷ് | 1 | 1 |
| 6 | നേഹ വി. | 1 | 1 |
| 7 | സിയ ഷിജു എം | 1 | 1 |
| 8 | ആദ്യ എം.വി. | 1 | 1 |
| 9 | റിജ്വൽ സി.ആർ | 1 | 1 |
| 10 | ധ്യാൻ കെ. | 1 | 1 |
| 11 | അഗനീഷ് ഗണേശൻ | 1 | 1 |
| 12 | ആരുഷ് കൃഷ്ണൻ | 1 | 1 |
| 13 | എതൻ എൽ.ബി. | 1 | 1 |
| 14 | റിഷിത് എൻ | 1 | 1 |
| 15 | കനിഹ ഷൈജു | 1 | 1 |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടികളും (എൻക്വയറി നമ്പർ-25/16.07.2025) താഴെ ചേർക്കുന്നു.

1) മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് സംബന്ധിച്ച് പ്രസ്തുത വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. സാക്ഷ്യപത്രം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്.

2) ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ ഫയലിൽ ലഭ്യമല്ല. സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതാണെന്നാണ് മറുപടിയായി അറിയിച്ചത്.

അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹74977യുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-22 ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള ധന സഹായം- അപാകങ്ങൾ. ₹2,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 6/25, ഉന്നതപഠനം നടത്തുന്ന പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്കുള്ള ധനസഹായം |
| അടങ്കൽ | ₹250000 - വികസന ഫണ്ട് - എസ്.സി.പി. |
| ചെലവ് | ₹250000, ബിൽ നമ്പർ: 198/11.12.2024 |

താഴെ ചേർക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കോഴ്സ്/സ്ഥാപനം | അനുവദിച്ച തുക ₹ |
|---|---|---|---|
| 1 | ശാന്തീഷ് ലാൽ | ബി.ഡി.എസ് | 20,000 |
| 2 | ജിഷ്ണ സി | പോളി ടെക്നിക് | 15000 |
| 3 | മൃദുല പി. | ടി.ടി.ഐ | 15000 |
| 4 | ശിശിര വി മോഹൻ | ബി.എ.എസ്. എൽ.പി | 15000 |
| 5 | രോഹിത് കെ. | ബി.എസ്.സി നഴ്സിംഗ് | 20,000 |
| 6 | ആദ്യത്യൻ വി. | ബി.എ | 15000 |
| 7 | ആര്യ കെ. | ബി.എ | 15000 |
| 8 | ആദിത്യ പവിത്രൻ | ബി.എ | 15000 |
| 9 | നന്ദന കെ.എച്ച് | ബി.എസ്.സി. നഴ്സിംഗ് | 20,000 |
| 10 | സ്വപ്ന സി. | ബി.എസ്.സി | 15000 |
| 11 | അഭിജിത് എം.പി | ബി.എ | 15000 |
| 12 | മിഥുൻദാസ് പി. | ഐ.ടി.ഐ. | 15000 |
| 13 | സാരംഗ് എസ്.ആർ | ബി.ബി.എ | 20,000 |
| 14 | നിമിഷ എം | ജനറൽ നഴ്സിംഗ് | 20,000 |

| | | | |
|---|---|---|---|
| 15 | നിഇൽ റ്റി | ബി.എ | 15000 |
| ആകെ | | | 250000 |

ഉന്നതപഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച ഈ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങളും ആയത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിശദീകരണങ്ങളും താഴെ ചേർക്കുന്നു.

1) മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് സംബന്ധിച്ച് പ്രസ്തുത വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. സാക്ഷ്യപത്രം ലഭിക്കുന്നതിന് പയ്യന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു.

2) നിമിഷ എം. എന്ന ഗുണഭോക്താവ് ഫയലിൽ ലഭ്യമായി സാക്ഷ്യപത്രം അനുസരിച്ച് ഗ്ലോബൽ സ്കൂൾ ഓഫ് നഴ്സിംഗ് (ബാംഗ്ലൂർ) എന്ന സ്ഥാപനത്തിൽ GNM കോഴ്സ് വിദ്യാർത്ഥിയാണ്. പ്രസ്തുത സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ചുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. 28.05.2022ലെ സ.ഉ.(കൈ)115/2022/ത.സ്വ.ഭ.വ. നമ്പറായുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 7.2.4 അനുസരിച്ച് ജനറൽ നഴ്സിംഗ് കോഴ്സിന് പഠിക്കുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക വേർതിരിച്ച് വ്യക്തമാക്കിയിട്ടില്ലെങ്കിലും +2 വിനു ശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സിലെ വിദ്യാർത്ഥികൾക്ക് അനുവദിക്കാവുന്ന തുക ₹15000യാണ്. എന്നാൽ ₹20,000യാണ് അനുവദിച്ചിട്ടുള്ളത്. ഡിപ്ലോമ കോഴ്സ് ആയതിനാലാണ് പ്രസ്തുത തുക അനുവദിച്ചതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം. ഈ മറുപടി തൃപ്തികരമല്ല. സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധിക തുക അനുവദിച്ചത് തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

3) ബിരുദ കോഴ്സ് ചെയ്യുന്ന കുട്ടികളുടെ ധനസഹായം മാർഗ്ഗരേഖ പ്രകാരം ₹20,000 യാണെങ്കിലും ആർട്സ്/സയൻസ് ബിരുദ കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ₹15000 യാണ് അനുവദിച്ചിട്ടുള്ളത്. പദ്ധതിയിൽ വകയിരുത്തിയ തുകയും ലഭ്യമായ തുകയും കുറവായിരുന്നതിനാൽ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകാനാണ് തുകയിൽ കുറവ് വരുത്തിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ (എൻക്വയറി നമ്പർ: 25/16.07.2025) വ്യക്തമാക്കിയത്.

ക്രമ നമ്പർ 1, 2 എന്നിവ പ്രകാരമുള്ള അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹250000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 പട്ടിക ജാതി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ ആദായ നികുതി ഈടാക്കിയതിൽ കുറവ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 10/25, പട്ടികജാതി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | ₹259307 – വികസന ഫണ്ട് – എസ്.സി.പി.,<br>₹6130 – തനത് ഫണ്ട്<br>₹34563 – വികസന ഫണ്ട് – സാധാരണ വിഹിതം<br>ആകെ: ₹300000 |
| ചെലവ്, ബിൽ നമ്പർ | ₹259307-വികസന ഫണ്ട് എസ്.സി.പി.<br>ബിൽ നമ്പർ: 517/24.03.2025) |

മേൽ സൂചിപ്പിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, കണ്ണൂർ മുഖേന കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്തിലെ രണ്ട് കോളനികളിൽ 100W LED Flood ലൈറ്റുകൾ സ്ഥാപിച്ചിരുന്നു. ഫാബ് ടെക് എന്ന സ്ഥാപനത്തിനാണ് സ്റ്റീൽ ഇൻഡസ്ട്രിയൽസ്, കേരള, പ്രസ്തുത പ്രവൃത്തി ഉപകരാർ നൽകിയത്. 1961ലെ ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 (C) അനുസരിച്ച് സിൽക്ക് ഒരു സ്ഥാപനം ആയതിനാൽ നൽകിയ തുകയിൽ നിന്നും 2% ആദായ നികുതി കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ 1% മാത്രമേ ഈടാക്കി കാണുന്നുള്ളൂ. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് തുക | ₹304651 |
| പ്രവർത്തി മൂല്യം | ₹240441.53 |
| ജി.എസ്.റ്റി & സെന്റേജ് ചാർജ്ജ് അടക്കമുള്ള തുക | ₹304651 |
| അടങ്കലിൽ പരിമിതപ്പെടുത്തി അനുവദിച്ച തുക | ₹259307 |
| ഈടാക്കേണ്ടിയിരുന്ന ആദായ നികുതി (2%) | ₹4809 |
| ഈടാക്കിയ നികുതി | ₹2404 |

ആദായ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി അറിയിക്കുന്നതാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-27/16.07.2025) മറുപടിയിൽ അറിയിച്ചത്. ₹2404 ഈടാക്കി ഒടുക്കി ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-24 അങ്കണവാടികളിൽ ശിശു സൗഹൃദ പെയിന്റിംഗ്- ആദായ നികുതി ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 93/25, അങ്കണവാടികളിൽ ശിശു സൗഹൃദ പെയിന്റിംഗ് |
| അടങ്കൽ, ഫണ്ട് | ₹450000- മെയിനൻസ് ഫണ്ട്- റോഡിതരം |
| ചെലവ്/ബിൽ നമ്പർ | ₹276026/497/20.03.2025 |

കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളിൽ ശിശു സൗഹൃദ ചുമർചിത്രങ്ങൾ ഒരുക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച മേൽ സൂചിപ്പിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (13.90/സ്ക്വയർ ഫീറ്റ്) അനിൽകുമാർ പി. എന്നയാൾക്ക് കരാർ നൽകുകയും തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ₹2,76,026 (19858 സ്ക്വയർ ഫീറ്റ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2) ബില്ലിൽ നിന്നും ആദായ നികുതി കുറവ് ചെയ്തതിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-11/14-07-2025) മറുപടിയിൽ എ.ഇയുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നും ആദായ നികുതി ഈടാക്കി രസീത് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്നും 1% ആദായ നികുതി ഇനത്തിൽ ₹2760 ഈടാക്കി ഒടുക്കിയതിനു ശേഷം ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-25 വനിതകൾക്ക് യോഗ പരിശീലനം- പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ. ₹7600 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 90/25, വനിതകൾക്ക് യോഗ പരിശീലനം |
| അടങ്കൽ, ഫണ്ട് | ₹50000, വികസന ഫണ്ട് – പൊതു വിഭാഗം |
| ചെലവ് | ₹46000 |

28.05.2022ലെ സ.ഉ.(കൈ) 115/2022/ത.സ്വ.ഭ.വ നമ്പറായുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 7.6.5 അനുസരിച്ച് വനിതകൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവർക്ക് ആയുഷുമായി ചേർന്ന് യോഗാ പരിശീലനം നൽകാവുന്നതാണ്. ഒരു സെഷന് ₹400 ക്രമത്തിൽ ഒരു മാസം പരമാവധി ₹12000 യാണ് പരിശീലകന് നൽകാവുന്ന പ്രതിഫലം. കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്തിൽ മേൽ സൂചിപ്പിച്ച പ്രൊജക്ട് ആവിഷ്കരിക്കുകയും ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ അനുഷ എം.പി. എന്ന ട്രെയിനറെ തെരഞ്ഞെടുത്ത് പരിശീലന പരിപാടി സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 4.30 മുതൽ 6 മണി വരെ സമയത്ത് പ്രതിദിനം ഒരു സെഷൻ എന്ന നിലയിൽ വനിതകൾക്ക് യോഗ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അർഹമായതിലും അധിക തുക പരിശീലനം നൽകിയ ട്രെയിനർക്ക് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| മാസം | ആകെ പരിശീലനം നടത്തിയ ദിവസം | അനുവദിക്കാവുന്ന തുക (₹400 വീതം) | അനുവദിച്ച തുക, ബിൽ നമ്പർ | അധികം നൽകിയ തുക ₹ |
|---|---|---|---|---|
| ഡിസംബർ, 2024 | 22 | 8800 | 1) 311/13.01.2025/ ₹9500<br>2) 403/06.03.25/ ₹500 | 1200 |
| ജനുവരി 2025 | 26 | 10400 | ₹12000<br>402/04.03.2025 | 1600 |
| ഫെബ്രുവരി 2025 | 22 | 8800 | ₹12000<br>404/07.03.2025 | 3200 |

| | | | | |
|---|---|---|---|---|
| മാർച്ച് 2025 | 26 | 10400 | ₹12000 463/15.03.2025 | 1600 |
| ആകെ | 96 | 38400 | 46000 | 7600 |

31.03.2025നാണ് പ്രസ്തുത സാമ്പത്തിക വർഷത്തെ ക്ലാസ് അവസാനിച്ചത്. 15.03.2025 മുതൽ 31.03.2025 വരെയുള്ള ദിവസത്തെ ക്ലാസിന് മുൻകൂറായി 15.03.2025 തീയതിയിലെ ബിൽ പ്രകാരം വേതനം അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-10/14.07.2025) മറുപടിയിൽ 2025 ഏപ്രിൽ 1 മുതൽ 11 ദിവസം കൂടി പരിശീലനം നൽകിയിട്ടുണ്ടെന്നും ആയതിന് വേതനം അനുവദിച്ചിട്ടില്ലെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. പ്രസ്തുത ദിവസത്തെ തുക കൂടി കണക്കാക്കിയാലും (11X400=4400) ₹3200 (7600-4400) അധികമായി അനുവദിച്ചിട്ടുണ്ട്. മറ്റ് ദിവസങ്ങളിൽ അധിക പരിശീലനം നൽകിയിട്ടുണ്ട് എന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ വിശദീകരണം. പരിശീലക കൂടുതൽ സെഷൻ പരിശീലന ക്ലാസ് നടത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്. അധികം അനുവദിച്ച ₹7600 തടസ്സപ്പെടുത്തുന്നു.

## 1-26 പ്രാഥമികവിള ആരോഗ്യ കേന്ദ്രം- നിർവഹണത്തിലെ അപാകങ്ങൾ- ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ കാർഷിക വിളകളുടെ കീടബാധ നിയന്ത്രിക്കുന്നതിനും മണ്ണിലെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് മൂലമുള്ള വിളനഷ്ടം പരിഹരിക്കുന്നതിനും കൃഷിഭവനെ പ്രാഥമിക വിള ആരോഗ്യ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ശാസ്ത്രീയമായ കീടരോഗ നിർണ്ണയം നടത്തി കൃത്യമായ അളവിൽ ആവശ്യമായ മരുന്ന് സൗജന്യമായി വിതരണം ചെയ്യാൻ വേണ്ടി ലക്ഷ്യമിട്ട നൂതന പ്രൊജക്ട് ആണിത്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 99/25, പ്രാഥമിക വിള ആരോഗ്യ കേന്ദ്രം-മരുന്ന് വാങ്ങലും അനുബന്ധ പ്രവർത്തനങ്ങളും |
| ആകെ അടങ്കൽ | ₹50000 (വികസന ഫണ്ട്) |
| ആകെ ചെലവ് | ₹50000 |
| ബിൽ നമ്പർ/ തീയതി | 382/06.03.2025/₹50000 |

വിവിധ ജൈവ കീടനാശിനികൾ വാങ്ങി സൂക്ഷിക്കുകയും കർഷകർക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്ന രീതിയിലാണ് പ്രോജക്ട് രൂപകല്പന ചെയ്തത്. പ്രോജക്ടിനായി വിവിധ ജൈവ കീടനാശിനികൾ/വളർച്ചാത്വരകങ്ങൾ/ ജീവാണു വളങ്ങൾ വിവിധ ഇൻവോയ്സുകൾ പ്രകാരം വാങ്ങുകയും കൃഷിക്കാരായ അപേക്ഷകർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. പ്രോജക്ട് പ്രകാരം വാങ്ങിയ കീടനാശിനികളുടെ/വളർച്ചാത്വരകങ്ങളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഓരോ ഇനങ്ങളും എത്ര വിതരണം ചെയ്തു, എത്ര ബാക്കിയുണ്ട് എന്ന വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് ലഭ്യമല്ല. അപേക്ഷകരുടെ വിവരങ്ങളും അനുവദിക്കുന്ന കീടനാശിനികളുടെ/വളർച്ചാത്വരകങ്ങളുടെ വിവരങ്ങളും ഒരു രജിസ്റ്ററിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വിതരണം ചെയ്യുന്ന തീയതി, ഓരോ ഇനങ്ങളും ആകെ എത്ര അളവ് വിതരണം ചെയ്തു എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
2. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ.)നം.115/2022/ത.സ്വ.ഭ.വ തീയതി: 28.05.2022) ഖ.3-1 പ്രകാരം മാർഗ്ഗരേഖയിൽ നിശ്ചയിക്കാത്ത ഇനങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. കണ്ണൂർ ജില്ലാ ആസൂത്രണ സമിതിയുടെ നം.707/2022/ഡി.പി.സി/ഡിപിഒ/കെഎൻആർ/14.08.2023 പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട ആസ്തികളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള യൂണിറ്റ് കോസ്റ്റും മേൽ പ്രോജക്ടിനായി വാങ്ങിയ ചില ഇനങ്ങളുടെ യൂണിറ്റ് കോസ്റ്റും വ്യത്യാസപ്പെട്ടിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| വാങ്ങിയ ഇനം | ഇൻവോയ്സ് നം. | എണ്ണം | യൂണിറ്റ് കോസ്റ്റ് | ആകെ നൽകിയ തുക | ആസൂത്രണ സമിതി നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് |
|---|---|---|---|---|---|
| രക്ഷ (80g) | 204/ K/000179/2024-25 14.2.2025 **കേരള** | 100 | 60 | 6000 | 60/150g |

| | | | | | |
|---|---|---|---|---|---|
| | കാർഷിക സർവകലാശാല | | | | |
| വാം (500g) | KSK 1750 18-2-25കാർഷിക സേവനകേന്ദ്രം, കാങ്കോൽ | 10 | 45 | 450 | 85/Kg |
| Pseudomonas 100g | 1/19.12.24State Bio Control Laboratory, Thrissur | 100 | 10.71 | 1071 | 85/Kg |
| Trichodarma 100g | 1/19.12.24State Bio Control Laboratory, Thrissur | 100 | 14.29 | 1429 | 120/Kg |
| Kytine Enriched Pseudomonas 100g | 2/19.12.24State Bio Control Laboratory, Thrissur | 100 | 13 | 1300 | 90/Kg |

കണ്ണൂർ ജില്ലാ ആസൂത്രണസമിതി നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിനേക്കാൾ അധികമായി തുക അനുവദിച്ചിട്ടുണ്ട്.

3. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022) ഖ.3-1 പ്രകാരം മാർഗ്ഗരേഖയിൽ നിശ്ചയിക്കാത്ത ഇനങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. ഏതെങ്കിലും ഇനത്തിന്റെ യൂണിറ്റ് കോസ്റ്റ് ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ലെങ്കിൽ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാവുന്നതാണ്. ഈ പ്രോജക്ടിനായി വാങ്ങിയ Ayar, Borax, Neem Oil Plus, Verticelllium, SOP, Secondary Micro Nutrient Mixture എന്നീ ഇനങ്ങളുടെ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ നിശ്ചയിക്കപ്പെട്ട യൂണിറ്റ് കോസ്റ്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/15.07.2025) ഓരോ ഇനങ്ങളും എത്ര വിതരണം ചെയ്തു എന്ന വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് കൃഷി ഓഫീസർ മറുപടി നല്കിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ച തുകയ്ക്ക് സാധനങ്ങൾ ലഭ്യമല്ലാത്തതിനാലും നൂതന പ്രോജക്ട് ആയി അംഗികരിച്ചതിനാലുമാണ് ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിനേക്കാൾ അധികമായി തുക നൽകി ഉല്പന്നങ്ങൾ വാങ്ങിയതെന്നും പ്രസ്തുത പ്രോജക്ടിന്റെ ഉദ്ദേശ്യം കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലാ ആസൂത്രണ സമിതി യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാത്ത ഇനങ്ങൾ കൂടി വാങ്ങേണ്ടി വന്നതെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതി യൂണിറ്റ് കോസ്റ്റ് പരിഗണിക്കാതെ ഉല്പന്നങ്ങൾ വാങ്ങുവാൻ അനുമതി ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യമൊരുക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ₹125000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യമൊരുക്കൽ എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം ₹125000 (മിനി വാട്ടർ സപ്ലൈ സ്കീം, നിടുവാപ്പുറം അങ്കണവാടി) കേരള ഭൂജലവകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ, പേര | 192/25 (സ്പിൽ ഓവർ), അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യമൊരുക്കൽ |
| അടങ്കൽ തുക | ₹22000 – ധനകാര്യകമ്മീഷൻ അവാർഡ്-ടൈഡ്,<br>₹77436 മെയിനന്റൻസ് ഫണ്ട്-നോൺ റോഡ്<br>ആകെ അടങ്കൽ: ₹99436 |
| എസ്റ്റിമേറ്റ് തുക | ₹125000 |
| തുക നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ | ₹125000<br>(മുൻവർഷത്തെ വിനിയോഗിക്കാത്ത ₹25564 ഗ്രൗണ്ട് വാട്ടർ അതോറിറ്റി തൻവർഷം തനത് ഫണ്ടിലേക്ക് തിരിച്ചടക്കുകയും പ്രസ്തുത തുക പുതിയ എസ്റ്റിമേറ്റ് (₹125000) പ്രകാരമുള്ള പ്രവൃത്തിക്കായി തനത് ഫണ്ടിൽ നിന്നും നേരിട്ട് ചെലവഴിച്ചത് ഉൾപ്പെടെ) |

| | |
|---|---|
| ചെലവ് തുക (എ.സി.ആർ, ബിൽ രജിസ്റ്റർ പ്രകാരം) | 1) ₹22000, 502/Dt.22.03.2025 (സി.എഫ്.സി ടൈഡ് ഫണ്ട്) 2) ₹77436, 524/25.03.2025 (മെയിനന്റൻസ് ഫണ്ട്-നോൺ റോഡ്) 3) ₹25564, 22401284/27.03.2025 ആകെ: ₹125000 |
| നിർവ്വഹണ ഏജൻസി | കേരള ഭൂജല വകുപ്പ്, കണ്ണൂർ |
| കരാർ നമ്പർ,തീയതി | ലഭ്യമാക്കിയിട്ടില്ല |
| പൂർത്തീകരണ കാലാവധി | ലഭ്യമാക്കിയിട്ടില്ല. |

പ്രൊജക്ട് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ച് ഡെപ്പോസിറ്റ് തുക ക്രമീകരിച്ചതിന്റെ വിവരം, മോണിറ്ററിംഗ് റിപ്പോർട്ട്, ബിൽ അബ്സ്ട്രാക്ട്, തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഇതുവരെ ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിനാൽ ₹125000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗം- ഗ്രാമപഞ്ചായത്ത്തല അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2132/2022/LSGD തീ. 31.08.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തീ 01.09.2022, സ.ഉ(സാധാ)നം.1625/2023/തസ്വഭവ തീ. 09.08.2023 എന്നിവ പ്രകാരവും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.05.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവ്വഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാ സ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

**കരിവെള്ളൂർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യമേഖലാ ഗ്രാന്റ് - വിനിയോഗ വിവരങ്ങൾ.**

2021-26 അവാർഡ് കാലയളവിൽ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിൽ ആരോഗ്യ മേഖലാ ഗ്രാന്റ് ഇനത്തിൽ ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു

**ലഭിച്ച അലോട്ട് മെന്റ്**

| ഗ്രാന്റ് വർഷം | സ്കീം 1 | സ്കീം 3 | സ്കീം 4 | ആകെ |
|---|---|---|---|---|
| 2021-22 | - | 318178 | 175922 | 494100 |
| 2022-23 | - | 822000 | 350000 | 1172000 |
| 2023-24 | - | 343000 | 558000 | 901000 |
| 2024-25 | - | ഇല്ല | ഇല്ല | ഇല്ല |

**ചെലവഴിച്ച തുക**

| ഗ്രാന്റ് വർഷം | സ്കീം 1 | സ്കീം 3 | സ്കീം 4 | ആകെ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2021-22 | - | ഇല്ല | ഇല്ല | ഇല്ല |
| 2022-23 | - | 127746 | 175400 | 303146 |
| 2023-24 | - | 893325 | 94915 | 988240 |
| 2024-25 | - | 96847 | 193427 | 290274 |

**ആരോഗ്യ മേഖലാ ഗ്രാന്റ്- ഏറ്റെടുത്ത പദ്ധതികൾ**

ആരോഗ്യ മേഖലാ ഗ്രാന്റ് ചെലവഴിക്കുന്നതിനായി ഏറ്റെടുത്ത പദ്ധതികളുടെ വിവരം വിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് വർഷം | പദ്ധതിയുടെ പേര് | അലോട്ട്മെന്റ് | ചെലവ് വിവരം | | | ആകെ നീക്കിയിരിപ്പ് | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | 2022-23 | 2023-24 | 2024-25 | | | |
| 2021-22 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (പ്രോജക്ട്. 194/23, 208/24) | | 49887 | 78743 | | 128630 | | രണ്ടാം ഗഡു ₹93303 ലഭ്യമായിട്ടില്ല. 2023-24, 2024-25 ചെലവ് 2022-23 ഗ്രാന്റ് തുകയിൽ നിന്നാണ്. |
| 2021-22 | പാപ്സ്മിയർ ടെസ്റ്റിനുള്ള സജ്ജീകരണമൊരുക്കൽ (പ്രോജക്ട്. 195/23, 210/24) | | 77859 | 61142 | | 139001 | | |
| | ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനവും പദ്ധതി മോണിറ്ററിംഗും 196/23, 209/24) | | | 49500 | | 49500 | | |
| | ആകെ | 318178 (സ്കീം 3) | 127746 | 189385 | - | 317131 | 1047 | |
| 2021-22 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്ര | 175922 (സ്കീം 4) | 175400 | - | | 175400 | 522 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (പ്രോജക്ട് 197/23) | | | | | | | |
| | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (പ്രോജക്ട് 228/24, 245/25) | 350000 (സ്കീം 4) | | 94915 | 193427 | 288342 | 61658 | |
| 2022-23 | കരിവെള്ളൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (പ്രോജക്ട് 242/24, 246/25) | 822000 (സ്കീം 3) | - | 703940 | 96847 | 800787 | 21213 | |

**ആരോഗ്യ മേഖലാ ഗ്രാന്റ്-സൃഷ്ടിച്ച ആസ്തികൾ**

ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗിച്ച് ആസ്തി സൃഷ്ടിക്കുന്ന പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല. സ്കീം 1 പ്രകാരം Building Less സബ് സെന്ററുകൾക്കുള്ള നിർമ്മാണ ഗ്രാന്റ് ലഭ്യമായിട്ടില്ല. പഞ്ചായത്തിലെ കുണിയൻ സബ് സെന്റർ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും സ്കീം 1 പ്രകാരമുള്ള ഫണ്ട് ലഭ്യമായിട്ടില്ല. മേൽ ആവശ്യത്തിലേക്ക് 2023 സെപ്തംബർ 2 ന് 2527 നമ്പരായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ സ്ഥലം രജിസ്റ്റർ ചെയത് സ്കീം 1 പ്രകാരമുള്ള ഗ്രാന്റിനായി അപേക്ഷിച്ചിട്ടുണ്ടെന്നും എന്നാൽ ഇതുവരെ ലഭ്യമായിട്ടില്ലെന്നുമാണ് അറിയിച്ചത്.

**<u>ആരോഗ്യഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല.</u>**

